2025 OCTOBER
13
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## മട്ടാഞ്ചേരി, വെല്ലിങ്ടൺ ഐലന്റ് വാട്ടർ മെട്രോ ടെർമിനലുകൾ തുറന്നു

**കൊച്ചി:** മട്ടാഞ്ചേരിയിലേക്ക് കൂടി വാട്ടർ മെട്രോ എത്തുന്നത് പശ്ചിമ കൊച്ചിയുടെ മുഖച്ഛായ വലിയ തോതിൽ മാറ്റുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മട്ടാഞ്ചേരി, വെല്ലിങ്ടൺ ഐലന്റ് വാട്ടർ മെട്രോ ടെർമിനലുകളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഒരു നിർണ്ണായക ചുവടുവെപ്പാണ് വാട്ടർ മെട്രോ. യാത്രാ സംവിധാനങ്ങൾ ഒരുക്കുക എന്നതിനൊപ്പം ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയും അടങ്ങുന്ന വൈവിധ്യപൂർണമായ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വാട്ടർ മെട്രോ മാറുകയാണ്. കൊച്ചി നഗരത്തിനും പശ്ചിമ കൊച്ചിയിലെ പ്രദേശങ്ങൾക്കും ഇടയിലുള്ള ഗതാഗതം കൂടുതൽ സുഗമമാക്കാൻ ഉപകരിക്കും. നഗരത്തിന്റെയും ഇവിടുത്തെ ജനങ്ങളുടെയും ജീവിത നിലവാരം കാര്യമായി ഉയർത്താനും കഴിയും.

മേഖലയുടെ പ്രാദേശിക വികസനത്തിൽ കൊച്ചി വാട്ടർ മെട്രോ നൽകാൻ പോകുന്നത് വലിയ സംഭാവനകളാണ്. ഇത് വിനോദ സഞ്ചാര മേഖലക്കും വലിയ ഉണർവ് നൽകും. നഗരത്തിലെ ജനങ്ങൾക്കും നഗരത്തിനു ചുറ്റുമുള്ള ദ്വീപ് നിവാസികൾക്കും ഇവിടേക്ക് വരുന്ന വിനോദ സഞ്ചാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന സംവിധാനമാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.മട്ടാഞ്ചേരി വാട്ടർ മെട്രോ സ്റ്റേഷനിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് അധ്യക്ഷനായി. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോകനാഥ് ബഹ്റ, കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ, കെ.ജെ മാക്സി എം.എൽ.എ, ടി.ജെ വിനോദ് എം.എൽ.എ, സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ.വി. തോമസ്, ഡെപ്യൂട്ടി മേയർ കെ.എ അൻസിയ, കോർപ്പറേഷൻ കൗൺസിലർ ടി. പത്മകുമാരി, കൊച്ചി മെട്രോ ഡയറക്ടർ (പ്രോജക്ട്) ഡോ. എം.പി രാം നവാസ്, തുടങ്ങിയവർ പങ്കെടുത്തു. ഉദ്ഘാടനത്തിനു ശേഷം മുഖ്യമന്ത്രിയും മന്ത്രിയും എം എൽ എ മാരും വാട്ടർ മെട്രോയിൽ യാത്ര ചെയ്ത് വില്ലിംഗ്ടൺ ഐലന്റ് ടെർമിനൽ സന്ദർശിച്ചു.

# അപൂർവ ഭൗമ ധാതുക്കൾ; 100 ശതമാനം അധിക തീരുവ പ്രഖ്യാപിച്ച് യുഎസ്

**ബെയ്ജിംഗ്/ വാഷിംഗ്ടൺ ഡിസി:** യുഎസുമായുള്ള വ്യാപാര ചർച്ചകൾ തുടരുന്നതിനിടെ, നൂതന സാങ്കേതിക ഉത്പാദനത്തിന് നിർണായകമായ അപൂർവ ഭൗമ ധാതുക്കളുടെയും മറ്റ് വസ്തുക്കളുടെയും കയറ്റുമതി നിയന്ത്രണം ചൈന കർശനമാക്കി. ഇതിന് പിന്നാലെ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് എല്ലാ ചൈനീസ് ഉത്പന്നങ്ങൾക്കും 100 ശതമാനം അധിക തീരുവ പ്രഖ്യാപിച്ചു.

'ചൈന ഇത്തരമൊരു നീക്കം നടത്തുമെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. പക്ഷേ അവർ ചെയ്തു. ബാക്കിയെല്ലാം ചരിത്രം.' ട്രംപ് ട്രൂത്ത് സോഷ്യലിൽ കുറിച്ചു. ചൈനയ്ക്കെതിരേയുള്ള പുതിയ തീരുവ നവംബർ ഒന്നു മുതൽ നിലവിൽവരും. കൂടാതെ യുഎസ് നിർമിത നിർണായ സോഫ്റ്റ്വേറുകൾക്ക് കർശനമായ കയറ്റുമതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്നും പ്രഖ്യാപിച്ചു. ദക്ഷിണ കൊറിയയിൽ ഏഷ്യ പസഫിക് സാമ്പത്തിക സഹകരണ ഉച്ചകോടിയിൽ ട്രംപും ഷി ചിൻപിംഗും കൂടിക്കാഴ്ച നടത്തുമെന്നാണ് കരുതിയത്. എന്നാൽ പുതിയ സംഭവവികാസങ്ങളോടെ ഈ കൂടിക്കാഴ്ചയുടെ കാര്യം സംശയത്തിലായി.

അപൂർവ ഭൗമ ധാതുക്കളുടെ ആഗോള വിതരണത്തിന്റെ 70 ശതമാനവും സംസ്കരണ ശേഷിയുടെ 90 ശതമാനവും ചൈനയാണ് നിയന്ത്രിക്കുന്നത്. ബെയ്ജിംഗ് ഇതിനകംതന്നെ പ്രോസസിംഗ് സാങ്കേതികവിദ്യയും അനധികൃതമായി വിദേശ സഹകരണവും നിയന്ത്രിച്ചിരുന്നു. ചെറിയ അളവിൽ അപൂർവ ഭൗമ ധാതുക്കൾ അടങ്ങിയ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് പോലും വിദേശ കമ്പനികൾക്ക് ഇപ്പോൾ ചൈനീസ് സർക്കാരിന്റെ അനുമതി ആവശ്യമാണ്, കൂടാതെ അവയുടെ ഉപയോഗ ഉദ്ദേശ്യം വിശദീകരിക്കുകയും വേണം.

ആഗോള സാങ്കേതിക വിതരണ ശൃംഖലയിലെ അവശ്യഘടകങ്ങളുടെയും ചൈനയിൽ പ്രധാനമായും ഉത്പാദിപ്പിക്കപ്പെടുന്ന ലിഥിയം ബാറ്ററികളുടെയും ചിലതരം ഗ്രാഫൈറ്റുകളുടെയും കയറ്റുമതിയിലും സമാനമായ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചു.

യുഎസുമായുള്ള വ്യാപാരയുദ്ധം രൂക്ഷമായതോടെ, ഏപ്രിലിൽ ചൈന നിരവധി അപൂർവ ഭൗമ ധാതുക്കളുടെയും അനുബന്ധ വസ്തുക്കളുടെയും കയറ്റുമതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇത് ആഗോളതലത്തിൽ വലിയ ക്ഷാമത്തിന് കാരണമായി. ഏപ്രിലിൽ ഏഴ് അപൂർവ ലോഹങ്ങളുടെ കയറ്റുമതി ചൈന നിയന്ത്രിച്ചിരുന്നു. ഇതിന് പുറമെ ഇപ്പോൾ അഞ്ച് ലോഹങ്ങളിൽ കൂടി നിയന്ത്രണം കൊണ്ടുവന്നിരിക്കുകയാണ്.

ഹോൾമിയം, എർബിയം, തൂലിയം, യൂറോപ്പിയം, യെറ്റർബിയം എന്നീ ലോഹങ്ങൾക്കാണ് നിലവിൽ നിയന്ത്രണമേർപ്പെടുത്തിയത്. സമരിയം, ഗാഡോലിനിയം, ടെർബിയം, ഡിസ്പ്രോസിയം, ലുട്ടീഷ്യം, സ്കാർഡിയം, യട്രിയം എന്നീ ലോഹങ്ങളുടെ കയറ്റുമതിയാണ് ഈ വർഷത്തിന്റെ തുടക്കത്തിൽ നിയന്ത്രിച്ചത്.

ലാൻറനൈഡുകൾ എന്നറിയപ്പെടുന്ന 15 സിൽവറി വൈറ്റ് ലോഹങ്ങൾ ഉൾപ്പെടുന്ന 17 മൂലകങ്ങളുടെ ഒരു കൂട്ടമാണ് അപൂർവ ഭൗമ ധാതുക്കൾ. ഈ അപൂർവ ഭൗമ ധാതുക്കളിൽ സ്കാൻഡിയം, യിട്രിയം എന്നിവയും ഉൾപ്പെടുന്നു. ഇവയിൽ 12 എണ്ണത്തിനും ചൈന കയറ്റുമതി നിയന്ത്രണം കൊണ്ടുവന്നു.

സ്മാർട്ട്ഫോണുകൾ, ടെലിവിഷനുകൾ തുടങ്ങിയ ഹൈടെക് ഇലക്ട്രോണിക്സ് ഉപകരണങ്ങളിൽ മാത്രമല്ല ഇലക്ട്രിക് വാഹനങ്ങൾ, വിമാന എൻജിനുകൾ എന്നിവയുടെ നിർമാണത്തിലും മിസൈലുകൾ, റഡാർ സംവിധാനം പോലുള്ള സൈനിക വസ്തുക്കളുടെ നിർമാണത്തിനും നിർണായക ഘടകമാണ്.

അപൂർവ ലോഹങ്ങൾ ശുദ്ധീകരിക്കാൻ ഉപയോഗിക്കുന്ന പ്രത്യേക സാങ്കേതിക ഉപകരണങ്ങളുടെ കയറ്റുമതിയിലും ചൈന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഈ നിയന്ത്രണങ്ങളെല്ലാം ഡിസംബർ 1 മുതൽ പ്രാബല്യത്തിൽ വരുമെന്നാണ് കരുതുന്നത്.


നവംബർ 1 മുതൽ 100 ശതമാനം അധിക തീരുവ വരുന്നതോടെ ചൈനയിൽനിന്ന് യുഎസിൽ എത്തുന്ന ഉത്പന്നങ്ങൾക്ക് ഇതോടെ മൊത്തം തീരുവ 130 ശതമാനമായേക്കും. നിലവിൽ ചൈനയ്ക്കു മേൽ 30 ശതമാനവും തീരുവയും ഇതിനെതിരേ ചൈന യുഎസിനു മേൽ 10 ശതമാനം തീരുവയുമാണ് ചുമത്തുന്നത്. ഇതോടെ യുഎസ് ഏറ്റവുമധികം തീരുവ ചുമത്തുന്ന രാജ്യമായി ചൈന മാറും. നിലവിൽ 50 ശതമാനം തീരുവയുള്ള ഇന്ത്യയും ബ്രസീലുമാണ് മുന്നിൽ.

# മൂന്നാം ക്ലാസ് മുതൽ കുട്ടികൾ എഐ പഠിക്കും; പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രം

**ന്യൂഡൽഹി:** അടുത്ത അധ്യയനവർഷം മുതൽ സ്കൂൾ പാഠ്യപദ്ധതിയിൽ നിർമിതബുദ്ധി (എഐ) ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. മൂന്നാം ക്ലാസുമുതൽ നിർമിതബുദ്ധി പാഠ്യപദ്ധതിയിലുണ്ടാവും. മൂന്നു വർഷത്തിനുള്ളിൽ അധ്യാപകർക്കും വിദ്യാർഥികൾക്കും പുതിയ സാങ്കേതികവിദ്യയിൽ പരിശീലനം നൽകാനാണ് തീരുമാനം. പാഠ്യപദ്ധതിക്കാവശ്യമായ സിലബസ് സിബിഎസ്ഇ തയ്യാറാക്കും. എഐ ടൂൾ ഉപയോഗിക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകും.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

പാഠ്യപദ്ധതികൾ തയ്യാറാക്കാൻ അധ്യാപകർക്ക് അക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പൈലറ്റ് പ്രോജക്റ്റ് നടന്നുകൊണ്ടിരിക്കുകയാണ് സ്കൂൾ വിദ്യാഭ്യാസ സെക്രട്ടറി സഞ്ജയ് കുമാർ വ്യക്തമാക്കി. നിലവിൽ,



18,000ത്തിലധികം സിബിഎസ്ഇ സ്കൂളുകളിൽ അക ആറാം ക്ലാസ് മുതൽ 15 മണിക്കൂറുള്ള മൊഡ്യൂളുകളുള്ള നൈപുണ്യ വിഷയമായി നൽകുന്നുണ്ട്. 9 മുതൽ 12 വരെയുള്ള ക്ലാസുകളിൽ ഇവ ഓപ്ഷണൽ വിഷയമാണ്.

എഐയും തൊഴിലും സംബന്ധിച്ച നിതി ആയോഗ് റിപ്പോർട്ട് പുറത്തിറക്കുന്ന ചടങ്ങിലാണ് സ്കൂൾ വിദ്യാഭ്യാസ സെക്രട്ടറി ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. ഏകദേശം രണ്ട് ദശലക്ഷം പരമ്പരാഗത ജോലികൾക്ക് ഇല്ലാതാകാനും എട്ട് ദശലക്ഷം പുതിയ റോളുകൾ പുതുതായി വരാനും വരുംകാലങ്ങളിൽ സാധ്യതയുണ്ടെന്നും അദ്ദേഹം അറിയിച്ചു.

സംസ്ഥാനത്തെ സ്കൂളുകളിൽ 202526 പാഠ്യപദ്ധതിയിൽ ഐ.ടി. പഠനം പരിഷ്കരിച്ചിരുന്നു. ഈ വർഷം ഏഴാം ക്ലാസിലെ ഐ.സി.ടി. പുസ്തകത്തിലാണ് നിർമിതബുദ്ധി പഠനവും ഉൾപ്പെടുത്തിയത്. മനുഷ്യരുടെ മുഖഭാവം തിരിച്ചറിയുന്ന ഒരു എ.ഐ. പ്രോഗ്രാം കുട്ടികൾ സ്വയം തയ്യാറാക്കുന്ന ഉള്ളടക്കത്തോടെയാണ് പാഠഭാഗം. ഈ പ്രോഗ്രാം വഴി ഒരാളുടെ മുഖത്തുണ്ടാകുന്ന ഏഴു ഭാവങ്ങൾവരെ കംപ്യൂട്ടറിനു തിരിച്ചറിയാം.

അടുത്ത അധ്യയനവർഷം എട്ടുമുതൽ പത്തുവരെ ക്ലാസുകളിലേക്കും എ.ഐ. പഠനം വ്യാപിപ്പിക്കുമെന്നും പ്രഖ്യാപനമുണ്ടായിരുന്നു.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലാതല ട്രാൻസ്ജൻഡർ ജസ്റ്റിസ് ബോർഡിൽ ട്രാൻസ്മെൻ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. കോഴിക്കോട് സിവിൽ സ്റ്റേഷനിലെ ജില്ലാ സാമൂഹികനീതി ഓഫീസിൽ ഒക്ടോബർ 15നകം അപേക്ഷ നൽകണം. ഫോൺ: 04952371911.

## ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്:** തൂണേരി ശിശു വികസന പദ്ധതി ഓഫീസിന്റെ ആവശ്യത്തിന് നവംബർ മുതൽ ഒരു വർഷത്തേക്ക് ടാക്സി പെർമിറ്റുള്ള വാഹനം (ജീപ്പ്/കാർ) വാടകക്ക് നൽകാൻ ടെണ്ടർ ക്ഷണിച്ചു. ഒക്ടോബർ 23 ഉച്ചക്ക് രണ്ട് വരെ ടെണ്ടർ സ്വീകരിക്കും. ഫോൺ: 6282087812, 9633606296.

## പ്രയുക്തി തൊഴിൽമേള

**കോഴിക്കോട്:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും എംപ്ലോയബിലിറ്റി സെന്ററും ചേർന്ന് കോഴിക്കോട് എരഞ്ഞിപ്പാലം സെന്റ് സേവ്യേഴ്സ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഒക്ടോബർ 18ന് 'പ്രയുക്തി 2025' തൊഴിൽ മേള സംഘടിപ്പിക്കും. 40ലധികം കമ്പനികൾ പങ്കെടുക്കുന്ന മേളയിൽ ആയിരത്തിലധികം ഒഴിവുകളുണ്ട്. പ്രവേശനം സൗജന്യം. ഫോൺ: 0495- 2370176, 0495- 2370179.

## ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്:** തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 11 പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഓൺലൈനായി ഡൗൺലോഡ് ചെയ്യാവുന്ന അവസാന തീയതി ഒക്ടോബർ 21, രണ്ട് മണി. ഫോൺ: 04962- 2590232.

## ക്വട്ടേഷൻ ക്ഷണിച്ചു

**കോഴിക്കോട്:** തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആറ് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ഓൺലൈനായി ഡൗൺലോഡ് ചെയ്യാവുന്ന അവസാന തീയതി: ഒക്ടോബർ 14 ,12 മണി. ഫോൺ: 04962- 2590232.

## ഫയർ ആൻഡ് സേഫ്റ്റി കോഴ്സ്

**കോഴിക്കോട്:** ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കോഴിക്കോട് ഗവ. ഐടിഐയിൽ നടത്തുന്ന ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി കഴിഞ്ഞ വിദ്യാർഥികൾക്ക് അപേക്ഷിക്കാം. ഫോൺ: 8281723705.

## പാരമ്പര്യേതര ട്രസ്റ്റി നിയമനം

**കോഴിക്കോട്:** കോഴിക്കോട് ശ്രീ നീലേശ്വരം ശിവക്ഷേത്രം, ചെറുവണ്ണൂർ വിഷ്ണു ക്ഷേത്രം എന്നിവിടങ്ങളിൽ പാരമ്പര്യേതര ട്രസ്റ്റി നിയമനത്തിന് ഹിന്ദുമതം ആചരിക്കുന്ന തദ്ദേശവാസികളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഒക്ടോബർ 22ന് വൈകീട്ട് അഞ്ചിനകം മലബാർ ദേവസ്വം ബോർഡ് കോഴിക്കോട് അസി. കമീഷണറുടെ ഓഫീസിൽ ലഭിക്കണം. അപേക്ഷാ ഫോം www.malabardevaswom.kerala.gov.in ൽ ലഭിക്കും. ഫോൺ: 0495- 2374547.

## അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പി.എം.എം.എസ്.വൈ പദ്ധതിയിലേക്ക് വ്യക്തികൾ, ഗ്രൂപ്പുകൾ, സഹകരണ സംഘങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. പദ്ധതിയുടെ യൂണിറ്റ് നിരക്ക് 1.20 കോടി രൂപയാണ്. ഇതിൽ 40 ശതമാനം (48 ലക്ഷം രൂപ) സർക്കാർ സബ്സിഡിയും ബാക്കി 60 ശതമാനം (72 ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതവുമാണ്. കേന്ദ്ര ഫിഷറീസ് മന്ത്രാലയം പ്രഖ്യാപിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള മത്സ്യബന്ധനയാനങ്ങൾക്കാണ് സബ്സിഡി ലഭിക്കുന്നത്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലോ ddfkollam@gmail.com ലോ സമർപ്പിക്കണം. അവസാന തീയതി ഒക്ടോബർ 16. ഫോൺ: 0474-2792850.

## സൗജന്യ പരിശീലനം

**കൊല്ലം:** കൊട്ടാരക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കരിയർ ഡവലപ്പ്മെന്റ് സെന്ററിൽ സൗജന്യ ഇംഗ്ലീഷ് ആശയ വിനിമയ ക്ലാസ് ഒക്ടോബർ 25 രാവിലെ 10ന് ആരംഭിക്കും. 150 മണിക്കൂറാണ് ദൈർഘ്യം. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. ഫോൺ: 9633450297, 0474- 2919612.

### സ്തനാർബുദത്തെ ചെറുത്ത് തോൽപ്പിക്കണം;

# കയാക്കിംഗും ഫ്ളാഷ്മോബും സംഘടിപ്പിച്ച് ബോധവൽക്കരണം



കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി (കെഎഫ്ഒജി), അസോസിയേഷൻ ഓഫ് ഗൈനക്കോളജിക്കൽ ഓങ്കോളജിസ്റ്റ് ഓഫ് ഇന്ത്യ കേരള ചാപ്റ്റർ എന്നിവരുടെ സഹകരണത്തോടെ കൊച്ചി ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റിയും ലേക്ക്ഷോർ ആശുപത്രിയും സംയുക്തമായി എറണാകുളം മറൈൻ ഡ്രൈവിൽ സംഘടിപ്പിച്ച സ്തനാർബുദ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി നിഷാ ജോസ് കെ. മാണിയുടെ നേതൃത്വത്തിൽ കൊച്ചിക്കായലിൽ നടന്ന കയാക്കിംഗ് എറണാകുളം അസിസ്റ്റന്റ് കളക്ടർ പാർവ്വതി ഗോപകുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു. ഡോ. ഉഷാ മേനോൻ, ഡോ. കെ. ചിത്രതാര, ഡോ.സുചിത്ര സുധീർ, ഡോ. ഗേസ്രി തോമസ്, ഡോ. മിനി ബാലകൃഷ്ണൻ തുടങ്ങിയവർ സമീപം.

**കൊച്ചി:** ജനങ്ങളെ വല്ലാതെ ഭയപ്പെടുത്തുന്ന ഒന്നായി ക്യാൻസർ രോഗം സമൂഹത്തിൽ മാറിയിട്ടുണ്ടെന്നും എന്നാൽ നേരത്തെ കണ്ടു പിടിച്ചാൽ ക്യാൻസറിനെ പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയുമെന്നും ടി.ജെ വിനോദ് എം.എൽ.എ പറഞ്ഞു. സ്തനാർബുദത്തെ ചെറുത്ത് തോൽപ്പിക്കുന്നതിന് വനിതകളെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി (കെഎഫ്ഒജി), അസോസിയേഷൻ ഓഫ് ഗൈനക്കോളജിക്കൽ ഓങ്കോളജിസ്റ്റ് ഓഫ് ഇന്ത്യ കേരള ചാപ്റ്റർ എന്നിവരുടെ സഹകരണത്തോടെ കൊച്ചി ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റിയും ലേക്ക്ഷോർ ആശുപത്രിയും സംയുക്തമായി എറണാകുളം മറൈൻഡ്രൈവിൽ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പലപ്പോഴും ക്യാൻസർ രോഗം കണ്ടുപിടിക്കുന്നത് വളരെ വൈകിയാണ്. ഇതാണ് രോഗിയെ മരണത്തിലേക്ക് തള്ളിവിടാൻ കാരണമാകുന്നതെന്നും ടി.ജെ വിനോദ് എം.എൽ.എ. പറഞ്ഞു. സ്തനാർബുദം പ്രതിരോധവുമായി ബന്ധപ്പെട്ട ലഘുലേഖയുടെ പ്രകാശനവും ചടങ്ങിൽ ടി.ജെ വിനോദ് എം.എൽ.എ നിർവ്വഹിച്ചു. സ്തനാർബുദത്തെ അതിജീവിച്ച 25 പേരെ ചടങ്ങിൽ ആദരിച്ചു. കെഎഫ്ഒജി പ്രസിഡന്റ് ഡോ. സുചിത്ര സുധീർ അധ്യക്ഷത വഹിച്ചു. ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കൊച്ചിക്കായലിൽ സംഘടിപ്പിച്ച കയാക്കിംഗും ദീപ ശിഖ കൈമാറലും എറണാകുളം അസിസ്റ്റന്റ് കളക്ടർ പാർവ്വതി ഗോപകുമാർ ഉദ്ഘാടനം ചെയ്തു. നിഷാ ജോസ് കെ. മാണി, ഡോ. കെ. ചിത്രതാര, കെഎഫ്ഒജി ബ്രെസ്റ്റ് ക്യാൻസർ പ്രിവെൻഷൻ കോ-ഓർഡിനേറ്റർ ഡോ. ഉഷാ മേനോൻ, ഡോ. ഗേസ്രി തോമസ്, ഡോ. മിനി ബാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. നിഷാ ജോസ് കെ. മാണിയുടെ നേതൃത്വത്തിലായിരുന്നു കയാക്കിംഗ് നടന്നത്. സ്തനാർബുദ ബോധവൽക്കരണത്തിന്റെ ഭാഗമായി കാസർകോഡ് നിന്നാരംഭിച്ച ദീപശിഖാ പ്രയാണം എറണാകുളത്ത് വെച്ച് മലനാട് സൊസൈറ്റിയ്ക്കു വേണ്ടി ഡോ. ആഗ്നസ് മാത്യു ചടങ്ങിൽ ഏറ്റുവാങ്ങി. കോലഞ്ചേരി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഫ്ളാഷ് മോബും നടന്നു.

# ചെന്നൈ ബ്ലിറ്റ്സിനെ ഞെട്ടിച്ച് കൊൽക്കത്ത തണ്ടർബോൾട്സ്




**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ് നാലാം സീസണിൽ ആധികാരിക പ്രകടനത്തോടെ ചെന്നൈ ബ്ലിറ്റ്സിനെ കീഴടക്കി കൊൽക്കത്ത തണ്ടർബോൾട്സ്. സ്കോർ: 15-11, 15-12, 15-13. ജിതിൻ എൻ ആണ് കളിയിലെ താരം. പങ്കജ് ശർമയിലൂടെ കൊൽക്കത്ത മികച്ച തുടക്കം കുറിച്ചു. ചെന്നൈയ്ക്കായി ജെറോം വിനീത് മാന്ത്രിക പ്രകടനം തുടർന്നതോടെ കളി മുറുകി. മാർടിൻ ടക്കാവറിലൂടെ മിഡിൽ സോൺ ലക്ഷ്യമാക്കി ആക്രമണം നടത്തി. പരിചയസന്പത്തുള്ള കളിക്കാരുടെ കുറവ് ചെന്നൈയെ ബാധിക്കുകയായിരുന്നു.അതിനിടെ ലിബെറോ ശ്രീകാന്തിന്റെ കളത്തിലെ മെയ്വഴക്കം ചെന്നൈ കാണികളെ ആവേശത്തിലാഴ്ത്തി. കളി ഒപ്പത്തിനൊപ്പമാക്കാൻ ശ്രീകാന്തിന് കഴിഞ്ഞു. പക്ഷേ, അശ്വൽ റായിയുടെ നിർണായക സമയത്തുള്ള സൂപ്പർ പോയിന്റ് കൊൽക്കത്തയെ മുന്നിലെത്തിച്ചു. ലൂയിസ് ഫിലിപ്പെ പെറോറ്റോയെ കിടിലൻ ബ്ലോക്കിലൂടെ തടയുകയായിരുന്നു. പതിവിന് വിപരീതമായി ചെന്നൈ പ്രതിരോധത്തിന് ശോഭിക്കാനായില്ല. കൊൽക്കത്ത അനായാസം വിടവുകൾ കണ്ടെത്തി പോയിന്റ് നേടാൻ കഴിഞ്ഞു. ജെറോമിന്റെ ഒറ്റയാൾ പോരാട്ടമാണ് അവർക്ക് അൽപ്പമെങ്കിലും ഊർജം പകർന്നത്. കൊൽക്കത്ത പ്രതിരോധം ശക്തമായിരുന്നു. ചെന്നൈക്ക് കാര്യങ്ങൾ ഒട്ടും അനുകൂലമായില്ല. മറുവശത്ത് എല്ലാ മേഖലയിലും കൊൽക്കത്ത തിളങ്ങി. സെറ്ററായി ജിതിനും ബ്ലോക്കറായി മുഹമ്മദ് ഇക്ബാലും മിന്നി. അശ്വലിന്റെ ഓൾറൗണ്ട് പ്രകടനം കൂടിയായപ്പോൾ കളി പൂർണമായും കൊൽക്കത്തയുടെ കൈയിലായി. അവസാന നിമിഷമെത്തിയ സൂര്യാൻഷ് തോമർ നടത്തിയ വെടിക്കെട്ടോടെ സീസണിലെ രണ്ടാം ജയം കൊൽക്കത്ത സ്വന്തം പേരിലാക്കി.




എറണാകുളം സൈക്യാട്രിക് സൊസൈറ്റി (ഇപിഎസ്), ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി (ഐപിസ്) കേരള ഘടകം, ഐഎംഎ സംസ്ഥാന ശാഖ എന്നിവരുടെ സഹകരണത്തോടെ കലൂർ ഐ.എം.എ ഹൗസിൽ നടന്ന ലോക മാനസിക ആരോഗ്യ ദിനാചരണം കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പാൾ ഡോ.വർഗീസ് പി.പുന്നൂസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ടി.സി വിഷ്ണു, ഡോ. അശോക് ആന്റണി, ഡോ. കെ. സുദർശൻ, ഡോ. കെ. എ ശ്രീവിലാസൻ, ഡോ. അനൂപ് വിൻസെന്റ്, ഡോ. എം. എൻ മേനോൻ, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. അശ്വിൻ കൃഷ്ണൻ അജിത് തുടങ്ങിയവർ സമീപം



എറണാകുളം സൈക്യാട്രിക് സൊസൈറ്റി (ഇപിഎസ്), ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി (ഐപിസ്) കേരള ഘടകം, ഐഎംഎ സംസ്ഥാന ശാഖ എന്നിവരുടെ സഹകരണത്തോടെ കലൂർ ഐ.എം.എ ഹൗസിൽ നടന്ന ലോക മാനസിക ആരോഗ്യ ദിനാചരണം കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പാൾ ഡോ.വർഗീസ് പി.പുന്നൂസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ടി.സി വിഷ്ണു, ഡോ. അശോക് ആന്റണി, ഡോ. കെ. സുദർശൻ, ഡോ. അനൂപ് വിൻസെന്റ്, ഡോ. കെ. എ ശ്രീവിലാസൻ, ഡോ. എം. എൻ മേനോൻ, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. അശ്വിൻ കൃഷ്ണൻ അജിത് തുടങ്ങിയവർ സമീപം

### ലോകമാനസികാരോഗ്യ ദിനാചരണം നടത്തി

# സുസ്ഥിര വികസനത്തിന് ജനങ്ങളുടെ മാനസികാരോഗ്യം പ്രധാനം: ഡോ.വർഗീസ് പി.പുന്നൂസ്

**കൊച്ചി:** ജനങ്ങളുടെ മാനസികാരോഗ്യം അഭിവൃദ്ധിപ്പെട്ടാൽ മാത്രമെ രാജ്യത്ത് സുസ്ഥിര വികസനം സാധ്യമാകുവെന്ന് കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പാൾ ഡോ. വർഗീസ് പി.പുന്നൂസ്.

എറണാകുളം സൈക്യാട്രിക് സൊസൈറ്റി (ഇപിഎസ്), ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി (ഐപിസ്) കേരള ഘടകം, ഇന്ത്യൻ മെഡിക്കൽ അസോസ്സിയേഷൻ (ഐഎംഎ) സംസ്ഥാന ശാഖ എന്നിവരുടെ സഹകരണത്തോടെ കലൂർ ഐ.എം.എ ഹൗസിൽ നടന്ന ലോക മാനസിക ആരോഗ്യ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എത്ര മാത്രം അടിസ്ഥാന സൗകര്യം ഉണ്ടായാലും രാജ്യത്തെ ജനങ്ങൾ സന്തോഷവാന്മാരായില്ലെങ്കിൽ എല്ലാം നിഷ്ഫലമായിരിക്കും. സമൂഹത്തിന്റെ മാനസികാരോഗ്യം ഉറപ്പാക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ മുൻഗണന കൊടുക്കേണ്ടത് അനിവാര്യമാണ്. ബജറ്റിൽ ഇതിനാവശ്യമായ പണം വകയിരുത്തണം. നിലവിൽ കേരളത്തിന്റെ ബജറ്റിൽ മറ്റു മേഖലകൾക്ക് നൽകുന്ന പ്രാധാന്യം മാനസികാരോഗ്യ മേഖലയ്ക്ക് നൽകുന്നില്ല. 1.16 ശതമാനം തുക മാത്രമാണ് മാനസികാരോഗ്യപ്രവർത്തനങ്ങൾക്കായി ബജറ്റിൽ നീക്കി വെയ്ക്കുന്നത്. മാനസികാരോഗ്യ പ്രശ്നങ്ങളുടെ വ്യാപ്തി ഇതിലും കൂടുതലാണ്. 12.6 ശതമാനം ആളുകൾ മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി എറണാകുളം ശാഖ പ്രസിഡന്റും, ഐപിസ് സംസ്ഥാന ഘടകം പ്രസിഡന്റുമായ ഡോ. അനൂപ് വിൻസെന്റ് അധ്യക്ഷത വഹിച്ചു. ഐഎംഎ സംസ്ഥാന പ്രസിഡന്റ് കെ.എ ശ്രീവിലാസൻ മുഖ്യ പ്രഭാഷണം നടത്തി. ആകസ്മിക ദുരന്തങ്ങളിലും അത്യാഹിത സന്ദർഭങ്ങളിലും സംഭവിക്കുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ച് ശ്രീനാരായണ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മെഡിക്കൽ സയൻസ് സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ. അശോക് ആന്റണി പ്രബന്ധം അവതരിപ്പിച്ചു. ഐഎംഎ മിഡ് സോൺ പ്രസിഡന്റ് ഡോ.കെ.സുദർശൻ, സ്റ്റേറ്റ് പ്രസിഡന്റ് ഇലക്ട് ഡോ.എം.എൻ മേനോൻ, ഐപിഎസ് ട്രഷററും, ഇപിഎസ് സെക്രട്ടറിയുമായ ഡോ. ടി.സി. വിഷ്ണു, ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ.അതുൽ ജോസഫ് മാനുവൽ, ഇപിഎസ് ട്രഷറർ ഡോ. അശ്വിൻ കൃഷ്ണൻ അജിത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

# സ്ത്രീകൾ കരുത്ത് തെളിയിക്കുന്ന കാലം: ഇ.എസ് ബിജിമോൾ

**കൊച്ചി:** ഏതു പ്രതിസന്ധികളെയും അതിജീവിക്കാൻ സ്ത്രീകൾ സംഘടിച്ച് കരുത്താർജ്ജിക്കുന്ന കാലമാണ് ഇതെന്ന് കേരള മഹിളാ സംഘം സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ ഇ.എസ് ബിജിമോൾ പറഞ്ഞു. സ്കൂൾ പാചകതൊഴിലാളി യൂണിയൻ (എ.ഐ.ടി.യു.സി) അങ്കമാലി ഉപജില്ലാ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.



സ്കൂൾ പാചകതൊഴിലാളി യൂണിയൻ (എ.ഐ.ടി.യു.സി) അങ്കമാലി ഉപജില്ലാ വാർഷിക സമ്മേളനം കേരള മഹിളാ സംഘം സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ ഇ.എസ് ബിജിമോൾ ഉദ്ഘാടനം ചെയ്യുന്നു.

പാചകതൊഴിലാളികളായ സ്ത്രീകൾ നടത്തിയ സമരത്തിന്റെ ഫലമായി രണ്ട് മന്ത്രിതല ചർച്ചകൾ നടത്താനും തീരുമാനങ്ങൾ എടുപ്പിക്കാനും സാധിച്ചത് ഇതിന്റെ ഉദാഹരണമാണെന്നും ബിജിമോൾ പറഞ്ഞു. മന്ത്രിതല ചർച്ചകളിലെ തീരുമാനങ്ങളും പാചക തൊഴിലാളികളുടെ മിനിമം വേതനം 700 രൂപയാക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനവും ഇടൻ നടപ്പിലാക്കണമെന്നും ബിജിമോൾ ആവശ്യപ്പെട്ടു. യൂണിയൻ ഉപജില്ല പ്രസിഡന്റ് സീലിയ വിന്നി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി മോഹനൻ മുഖ്യപ്രഭാഷണം നടത്തി. സി.പി.ഐ മണ്ഡലം സെക്രട്ടറി എം. മുകേഷ് മുഖ്യ അതിഥിയായിരുന്നു. യൂണിയൻ ജില്ലാ സെക്രട്ടറി അനിത അപ്പുക്കുട്ടൻ, എ.ഐ.ടി.യു.സി മണ്ഡലം സെക്രട്ടറി സി. കെ ബിജു, സി.പി. ഐ മണ്ഡലം കമ്മിറ്റിയംഗം എം.എസ് ചന്ദ്രബോസ്, ലോക്കൽ സെക്രട്ടറി ഒ.ജി കിഷോർ, കേരള മഹിളാ സംഘം മണ്ഡലം പ്രസിഡന്റ് സരിത, ഉപജില്ല സെക്രട്ടറി അമ്പിളി അജയൻ തുടങ്ങിയവർ സംസാരിച്ചു. യൂണിയനിലെ മുതിർന്ന അംഗം പി.ഡി ആനിസിനെയും പാചക മൽസരത്തിൽ സമ്മാനാർഹരായ തൊഴിലാളികളെയും യോഗത്തിൽ ആദരിച്ചു. യൂണിയനിൽ പുതിയതായി ചേർന്ന അംഗങ്ങൾക്ക് യോഗത്തിൽ സ്വീകരണം നൽകി.

# കരുവേലിപ്പടി ആശുപത്രിയിൽ ശിശുരോഗ വിദഗ്ദ്ധന്റെ സ്ഥിരം തസ്തിക വേണം

**കൊച്ചി:** കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ ശിശുരോഗ വിദഗ്ദ്ധനായ ഡോക്ടറുടെ സ്ഥിരം തസ്തിക അനുവദിക്കണമെന്ന ആവശ്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് സർക്കാരിൽ നിന്നും റിപ്പോർട്ട് തേടി. കൊച്ചി പ്രദേശത്തെ പ്രധാനപ്പെട്ട താലൂക്ക് ആശുപത്രിയായ കരുവേലിപ്പടി ആശുപത്രിയിൽ കുട്ടികളുടെ ഡോക്ടർ ഇല്ലാത്തതിനാൽ സാധാരണക്കാർക്ക് സ്വകാര്യ ആശുപത്രികളിൽ വൻതുക നൽകി ചികിത്സിക്കേണ്ട സാഹചര്യമാണുള്ളതെന്ന പരാതിയിലാണ് നടപടി. സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറും വിഷയം പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു. മാസങ്ങളായി ശിശുരോഗ വിദഗ്ദ്ധന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന് പൊതുപ്രവർത്തകനായ തമ്പി സുബ്രഹ്മണ്യൻ സമർപ്പിച്ച പരാതിയിൽ പറയുന്നു.

## ശബരിമല ദേവഹിതം ആരായണം; വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി:** മണ്ഡലകാലം ആരംഭിക്കുന്നതിന് മുമ്പ് ശബരിമലയിൽ ദേവപ്രശ്നം നടത്തണമെന്ന് വിശ്വഹിന്ദു പരിഷത്ത് ആവശ്യപ്പെട്ടു. കേരളത്തിന് അകത്തും പുറത്തുമുള്ള പ്രഗത്ഭരായ ദൈവജ്ഞന്മാരുടെ പട്ടിക തയ്യാറാക്കി തുലാമാസ പൂജയ്ക്ക് നടതുറക്കുമ്പോൾ ശബരിമല ധർമ്മശാസ്താവിന്റെ മുന്നിൽ വച്ച് ആ പട്ടിക പൂജ ചെയ്ത് മേൽശാന്തി നിയമനത്തിലെന്ന പോലെ നറുക്കെടുപ്പിലൂടെ മുഖ്യ ജ്യോതിഷനെയും മറ്റ് ജ്യോതിഷന്മാരെയും തിരഞ്ഞെടുത്ത് വേണം ദേവപ്രശ്നം നടത്താനെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ എന്നിവർ വാർത്താകുറിപ്പിലൂടെ ആവശ്യപ്പെട്ടു.

കോടതി ഹിതത്തിനും അപ്പുറം ഭഗവാന്റെ ഹിതമാണ് നിറവേറ്റേണ്ടത്. അവിശ്വാസികളായ ഭരണകർത്താക്കൾ ഭഗവാന്റെ സ്വർണം മോഷ്ടിച്ചത് പുറത്തറിയാൻ കാരണം ഭഗവാന്റെ ഇച്ഛയാണ്. കേരളത്തിലെ മുഴുവൻ ക്ഷേത്രങ്ങളുടെയും ഭരണ ചുമതല വിശ്വാസികൾക്ക് നൽകണം. ഈശ്വര വിശ്വാസികളല്ലാത്ത മുഴുവൻ ഭരണകർത്താക്കളെയും അടിയന്തിരമായി ദേവസ്വം ഭരണത്തിൽ നിന്നും മാറ്റി പകരം ഈശ്വര വിശ്വാസികളെ നിയമിക്കണമെന്നും നേതാക്കൾ സർക്കാരിനോട് ആവശ്യപ്പെട്ടു.

## മുനമ്പത്തെ കുടുംബങ്ങൾക്ക് സ്വന്തം പേരിൽ കരം അടയ്ക്കാൻ അനുവദിക്കണം:ജെ. എസ്.എസ്

**കൊച്ചി:** മുനമ്പം ഭൂമി വഖഫ് ഭൂമിയല്ലെന്നുള്ള കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അടിയന്തരമായി റവന്യുരേഖകളിൽ തിരുത്തൽ വരുത്തി സ്ഥലത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് സ്വന്തം പേരിൽ കരം അടയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ജെ.എസ്.എസ് എറണാകുളം ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

മുനമ്പം ഭൂമി വഖഫ് ഭൂമിയല്ലെന്ന് തുടക്കം മുതലുള്ള ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ.എൻ രാജൻ ബാബുവിന്റെ നിലപാട് ശരിയായിരുന്നുവെന്നാണ് ഹൈക്കോടതി വിധിയിലൂടെ വ്യക്തമായിരിക്കുന്നതെന്നും യോഗം വിലയിരുത്തി. ജില്ലാ പ്രസിഡന്റ് മധുഅയ്യമ്പിള്ളി അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി വി.കെ സുനിൽകുമാർ, അഡ്വ.കെ.വി ഭാസി, അഡ്വ.സുനിത കെ. വിനോദ്, എം.ജി ചന്ദ്രബോസ്, റെജീഷ്കുമാർ, ഗോപാലകൃഷ്ണൻ, വിനോദ്, അശോക് കുമാർ,റഷീദ് തുടങ്ങിയവർ സംസാരിച്ചു

സൊസൈറ്റി ടുഡേ
SOCIETY TODAY




# ആസ്റ്റർ മെഡ്സിറ്റി സഖി 4.0 ക്യാമ്പയിന് വർണ്ണാഭമായ തുടക്കം

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയുടെ ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി, സഖിയുടെ 4.0 പുതിയ ക്യാമ്പയിന് തുടക്കം കുറിച്ചു. സംഗീത സംവിധായകൻ കൈലാസ് മേനോനും ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷുഹൈബ് കാദറും ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. ഒരു മാസം നീണ്ടു നിൽക്കുന്ന സ്തനാർബുദ ബോധവത്കരണ പരിപാടികളുടെ ഭാഗമായാണ് സഖി 4.0 സംഘടിപ്പിച്ചിരിക്കുന്നത്. പരിപാടിയോട് ചേർന്ന് പിങ്ക് വണ്ടി എന്ന പ്രചാരണ വാഹനത്തിന്റെ ഉദ്ഘാടനവും പ്രത്യേക മെഗാ സുംബാത്തോണും അരങ്ങേറി. സ്തനാർബുദനിർണയത്തിൽ സ്വയം പരിശോധനയുടെ പ്രാധാന്യത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. കണ്ണാടികൾ പതിപ്പിച്ച വ്യത്യസ്തമായൊരു ബോധവത്കരണ വാഹനമാണ് 'പിങ്ക് വണ്ടി'. വാഹനത്തിലെ ഈ കണ്ണാടികൾ സ്വയം പരിശോധനയെയാണ് പ്രതിനിധീകരിക്കുന്നത്. കണ്ണാടിയിൽ കാണുന്നത് നിങ്ങളെ തന്നെയാണ് എന്ന സന്ദേശത്തിലൂടെ, സ്വയം പരിശോധനയുടെ പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുകയാണ് പിങ്ക് വണ്ടി.

സ്തനാർബുദ പരിശോധനയുടെയും, സ്വയം പരിശോധനയുടെയും പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണം നടത്താൻ കഴിയുന്ന ഒരു മൊബൈൽ ബോധവത്കരണ യൂണിറ്റായി പിങ്ക് വണ്ടി പ്രവർത്തിക്കും. ഇത്, കുടുംബശ്രീ യൂണിറ്റുകൾ, ഐ.ടി. പാർക്കുകൾ, കോളേജുകൾ, റെസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ലബ്ബുകൾ തുടങ്ങി വിവിധ സ്ഥലങ്ങളിലൂടെ സഞ്ചരിക്കും. സ്ത്രീകൾക്കു മാത്രമായി സംഘടിപ്പിച്ച, മെഗാ സുംബ ത്തോണിൽ ആശുപത്രിയിലെയും, വിവിധ കോളേജുകളിൽ നിന്നുമുള്ള ഇരുന്നൂറ്റിഅമ്പതിൽ അധികം വനിതകൾ പങ്കെടുത്തു. സ്കിൽവേഴ്സിറ്റി ജോബ് കാമ്പസ്, ഐബിഐഎസ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ, സെന്റ് ആൽബർട്ട്സ് കോളേജ്, കളമശ്ശേരി രാജഗിരി കോളേജ് എന്നിവിടങ്ങളിലെ വിദ്യാർഥികളാണ് മെഗാ സുംബത്തോണിന്റെ ഭാഗമായത്. റേഡിയേഷൻ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ദുർഗാപൂർണ്ണ, മെഡിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അരുൺ ആർ വാര്യർ, സർജിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജെം കളത്തിൽ തുടങ്ങിയവർ പരിപാടിയിൽ സംസാരിച്ചു.

# ജിടെക്സ് ഗ്ലോബൽ 2025: 35 സ്റ്റാർട്ടപ്പുകൾ പങ്കെടുക്കും

**കൊച്ചി:** ദുബായിൽ ഒക്ടോബർ 12 മുതൽ ആരംഭിക്കുന്ന ജിടെക്സ് ഗ്ലോബലിന്റെ പ്രധാന വിഭാഗമായ 'എക്സ്പാൻഡ് നോർത്ത് സ്റ്റാർ 2025' എക്സ്പോയിൽ കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്നും 35 സ്റ്റാർട്ടപ്പുകൾ പങ്കെടുക്കും. ദുബായ് ചേംബർ ഓഫ് ഡിജിറ്റൽ എക്കണോമിയുടെ ആതിഥേയത്വത്തിൽ നടക്കുന്ന എക്സ്പാൻഡ് നോർത്ത് സ്റ്റാർ, ലോകത്തിലെ ഏറ്റവും വലിയ ടെക്നോളജി,നിക്ഷേപകസ്റ്റാർട്ടപ്പ് സംഗമങ്ങളിൽ ഒന്നാണ്. ജിടെക്സ് ഫ്യൂച്ചർ സ്റ്റാർസ് എന്നറിയപ്പെട്ടിരുന്ന ഈ പരിപാടിയിൽ 100ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള 2,000ത്തിലധികം സ്റ്റാർട്ടപ്പുകളും 1,500 നിക്ഷേപകരും പങ്കെടുക്കുന്നുണ്ട്. കെഎസ്‌യുഎം ഒരുക്കുന്ന പ്രത്യേക കേരള പവലിയൻ വഴി സ്റ്റാർട്ടപ്പുകൾ തങ്ങളുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കും. ഇത് കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് നവീകരണം, നിക്ഷേപം, ആഗോള സഹകരണം എന്നിവയ്ക്കുള്ള ഒരു പ്രധാന വേദിയാണ്. അന്താരാഷ്ട്ര നിക്ഷേപകരുമായും പങ്കാളികളുമായും ബന്ധം സ്ഥാപിക്കാൻ ജിടെക്സ് എക്സ്പോ കേരള സ്റ്റാർട്ടപ്പുകൾക്ക് കവാടമാകുമെന്ന് കെഎസ്‌യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുക, നിക്ഷേപ സാധ്യതകൾ കണ്ടെത്തുക, ആഗോള വിപണിയിലേക്കുള്ള പ്രവേശനം എന്നിവയ്ക്ക് എക്സ്പാൻഡ് നോർത്ത് സ്റ്റാർ മികച്ച വേദിയാണ്. കെഎസ് യുഎമ്മിന്റെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ നിലവിൽ ദുബായിലുള്ളത് മുതൽക്കൂട്ടാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സാസ് , ഹെൽത്ത്ടെക്, എഡ്യുടെക്, സസ്റ്റൈനബിലിറ്റി തുടങ്ങിയ വിവിധ മേഖലകളിലുള്ള സ്റ്റാർട്ടപ്പുകളാണ് കെഎസ്‌യുഎം പ്രതിനിധി സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.കേരള സ്റ്റാർട്ടപ്പുകളുടെ സാന്നിദ്ധ്യവും ബിസിനസ് ബന്ധങ്ങളും മെച്ചപ്പെടുത്തുന്നതിനായി നിരവധി പരിപാടികളും നെറ്റ്‌വർക്കിംഗ് സെഷനുകളും ഒരുക്കി യുഎഇയിലെ ഇന്ത്യൻ എംബസിയും മികച്ച പിന്തുണ നൽകുന്നുണ്ട്. ഇന്ത്യയിലെ മുൻനിര സ്റ്റാർട്ടപ്പ് കേന്ദ്രങ്ങളിലൊന്നാക്കി സംസ്ഥാനത്തെ മാറ്റാനും പ്രാദേശിക നവീന ആശയങ്ങളെ ആഗോള നിക്ഷേപകരുമായും കോർപ്പറേഷനുകളുമായും ബന്ധിപ്പിക്കാനും കെഎസ് യുഎം ഈ വേദി ഉപയോഗപ്പെടുത്തും. കഴിഞ്ഞ ഒമ്പത് വർഷമായി കെഎസ് യുഎം ഈ ആഗോള സംഗമത്തിൽ പങ്കെടുത്തു വരുന്നു.

# കോയമ്പത്തൂരിൽ ജോസ് ആലുക്കാസ് ഗ്രാൻഡ് ഷോറൂം തുറന്നു

**കോയമ്പത്തൂർ:** ജോസ് ആലുക്കാസ് ഗ്രൂപ്പ് പുതിയ ഗ്രാൻഡ് ഷോറൂം കോയമ്പത്തൂരിൽ ഉദ്ഘാടനം ചെയ്തു.

ജോസ് ആലുക്കാസ് ഗ്രൂപ്പ് ബ്രാൻഡ് അംബാസഡറും നടനുമായ ആർ. മാധവൻ ഉദ്ഘാടനം നിർവഹിച്ചു. ജോസ് ആലുക്കാസിന്റെ ആത്മകഥയായ 'തങ്കം' തമിഴ് പതിപ്പും നടൻ മാധവൻ പുറത്തിറക്കി. ജോസ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോസ് ആലുക്കാസ്, മാനേജിംഗ് ഡയറക്ടർമാരായ വർഗീസ് ആലുക്കാസ്, പോൾ ആലുക്കാസ്, ജോൺ ആലുക്കാസ്, കോയമ്പത്തൂർ എംപി ഡോ. ഗണപതി രാജ്കുമാർ, കോയമ്പത്തൂർ സിറ്റി മേയർ കെ. രംഗനായകെ, ഡെപ്യൂട്ടി മേയർ ആർ. വെട്രിസെൽവൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു

# ഇൻഡെൽ മണി കടപ്പത്രങ്ങളിലൂടെ 300 കോടി സമാഹരിക്കുന്നു

**കൊച്ചി:** കേരളം ആസ്ഥാനമായ പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയും സ്വർണ്ണ വായ്പാ വിതരണ രംഗത്തെ മുൻ നിരക്കാരുമായ ഇൻഡെൽ മണി ലിമിറ്റഡ്, ഓഹരിയാക്കി മാറ്റാൻ കഴിയാത്ത സംരക്ഷിത കടപ്പത്രങ്ങളിലൂടെ (എൻസിഡി) 300 കോടി രൂപ സമാഹരിക്കുന്നു. ഒക്ടോബർ 13ന് ആരംഭിക്കുന്ന ഇഷ്യു 28 ന് സമാപിക്കും. പലിശ നിരക്ക് പ്രതിവർഷം 12.25 ശതമാനമാണ്. മുഖവില 1000 രൂപ. അടിസ്ഥാന ഇഷ്യൂ 150 കോടി രൂപയുടേതാണെങ്കിലും ബിഎസ്ഇ യിൽ രജിസ്റ്റർ ചെയ്യുന്ന കടപ്പത്രങ്ങളുടെ ആറാം ഇഷ്യുവിലൂടെ 300 കോടി രൂപ വരെ അധികം സ്വരൂപിക്കാനുള്ള അനുമതിയുണ്ട്. 72 മാസം കൊണ്ട് നിക്ഷേപം ഇരട്ടിക്കുന്ന കടപ്പത്രങ്ങൾക്ക് പ്രതീക്ഷിച്ചതിലധികം ആവശ്യക്കാരുണ്ടായാൽ ഇഷ്യു നിശ്ചിത തിയതിക്കു മുമ്പ് അവസാനിക്കും. റേറ്റിംഗ് ഏജൻസിയായ ഇൻഫോമെറിക്സ് ഉയർന്ന വിഭാഗത്തിലുള്ള ഐവിആർ (IVR) സ്റ്റേബിൾ സുരക്ഷാ റേറ്റിംഗ് ആണ് നൽകിയിട്ടുള്ളത്. 366 ദിവസം മുതൽ 72 മാസം വരെയാണ് കാലാവധി. കുറഞ്ഞ നിക്ഷേപത്തുക 10,000 രൂപയാണ്. കടപ്പത്രങ്ങൾ ഡിമാറ്റിൽ ട്രേഡ് ചെയ്യാം. ലീഡ് മാനേജർമാർ ഇൻക്രെഡ് കാപിറ്റൽ ഫിനാൻസ് സെർവീസസ് ലിമിറ്റഡും ട്രസ്റ്റ് ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡുമാണ്.

ഇഷ്യുവിലൂടെ സമാഹരിക്കുന്ന പണം തുടർ വായ്പകൾക്കായും ബ്രാഞ്ചുകളുടെ ശൃംഖല വികസിപ്പിക്കുന്നതിനുമാകും വിനിയോഗിക്കുകയെന്ന് ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ പറഞ്ഞു.

# ലേൺഫ്ളുവൻസ് എഡ്യുക്കേഷൻ ലിമിറ്റഡ് ഐപിഒയ്ക്ക്


**കൊച്ചി:** ലേൺഫ്ളുവൻസ് എഡ്യുക്കേഷൻ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. കോഴിക്കോട്, എറണാകുളം, കണ്ണൂർ, തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോയമ്പത്തൂർ, ബെംഗളൂരു തുടങ്ങിയ 8 നഗരങ്ങളിലായി 15 കാമ്പസുകളിൽ പ്രവർത്തിക്കുന്ന ലക്ഷ്യയുടെ മാതൃ കമ്പനിയാണ്. 246 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടറുടെ 40,00,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രീഐപിഒ പ്ലേസ്മെന്റും കമ്പനിയുടെ പരിഗണനയിലുണ്ട്.സാഫ്രോൺ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# എസ്‌യുഡി ലൈഫ് നിഫ്റ്റി ആൽഫ 50 ഇൻഡക്സ് ഫണ്ട് ആരംഭിച്ചു

**കൊച്ചി:** ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ യൂണിയൻ ദൈ ഇച്ചി (എസ്‌യുഡി) ലൈഫ് ഇൻഷുറൻസ് എസ്‌യുഡി ലൈഫ് നിഫ്റ്റി ആൽഫ 50 എന്ന പേരിൽ ഇൻഡക്സ് ഫണ്ട് ആരംഭിച്ചു.ഒക്ടോബർ ആറിന് ആരംഭിച്ച ഫണ്ട് ഓഫർ ഒക്ടോബർ 24 വരെ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. എസ്‌യുഡി ലൈഫിന്റെ യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് ഉൽപ്പന്നങ്ങളായ എസ്‌യുഡി ലൈഫ് വെൽത്ത് ബിൽഡർ പ്ലാൻ, എസ്‌യുഡി ലൈഫ് ഇവെൽത്ത് റോയൽ, എസ്‌യുഡി ലൈഫ് സ്റ്റാർ ടുലിപ് പ്ലാൻ എന്നിവയ്ക്കൊപ്പം ഈ ഫണ്ട് ലഭ്യമാകുമെന്ന് കമ്പനി അറിയിച്ചു.ഇക്വിറ്റികളിൽ കൂടുതൽ വിവേകപൂർവം നിക്ഷേപം നടത്താൻ ഉപഭോക്താക്കളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഫണ്ടിന് രൂപം നൽകിയതെന്ന് എസ്‌യുഡി ലൈഫിലെ ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ പ്രശാന്ത് ശർമ്മ പറഞ്ഞു.

# വീൽചെയറുകളും സ്ട്രെച്ചറുകളും നൽകി മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി കാക്കനാടുള്ള സഖി വൺ സ്റ്റോപ്പ് സെന്ററിലേക്ക് വീൽ ചെയറുകളും സ്ട്രെച്ചറുകളും കൈമാറി. എറണാകുളം അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ മുത്തൂറ്റ് ഫിനാൻസ് എറണാകുളം മേഖലാ മാനേജർ വിനോദ്കുമാർ കെ.എസ്. എന്നിവർ ചേർന്ന് കൈമാറിയ ഉപകരണങ്ങൾ വിമൻ പ്രൊട്ടക്ഷൻ ഓഫീസർ ജീജ എസ്, സഖി വൺ സ്റ്റോപ്പ് സെന്റർ അഡ്മിനിസ്ട്രേറ്റർ ലിയ എ.എസ്. എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. ചടങ്ങിൽ മുത്തൂറ്റ് ഫിനാൻസിന്റെ കാക്കനാട് സെസ് ബ്രാഞ്ച് മാനേജർ രഞ്ജിത്ത് യു.എസ്, കാക്കനാട് ബ്രാഞ്ച് മാനേജർ ആശ ശിവരാമൻ, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് വിഭാഗം കണ്ടന്റ് മാനേജർ പി. പത്മകുമാർ തുടങ്ങിയവർ പങ്കെടുത്തു.കാക്കനാട് വൺ സ്റ്റോപ്പ് സെന്ററിനെ ഭിന്നശേഷി സൗഹൃദപരമാക്കുന്നതിനായാണ് മുത്തൂറ്റ് ഫിനാൻസ് സിഎസ്ആർ പദ്ധതി പ്രകാരം രണ്ട് വീൽചെയറുകൾ, ഒരു ഫോൾഡിംഗ് സ്ട്രെച്ചർ, ഒരു സ്ട്രെച്ചർ ട്രോളി എന്നിവ നൽകിയത്.



സൊസൈറ്റി ടുഡേ
SOCIETY TODAY



# പോലീസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണവുമായി ഐ.എച്ച്.എം.എ

**കൊച്ചി:** സംസ്ഥാന പൊലീസ് വകുപ്പിന്റെയും ഇന്ത്യൻ ഹോമിയോപ്പതി മെഡിക്കൽ അസോസിയേഷൻ(ഐ.എച്ച്.എം.എ) കേരള ഘടകത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കായി 'പ്രേരണ' എന്ന പേരിൽ സംസ്ഥാനതല മാനസിക സമ്മർദ്ദ നിയന്ത്രണ ബോധവത്കരണ പരിപാടി നടത്തി. എറണാകുളം മറൈൻ ഡ്രൈവിലെ ജില്ലാ ട്രെയിനിങ് സെന്ററിൽ (എ.ആർ. ക്യാമ്പ്) നടന്ന പരിപാടി സംസ്ഥാന പൊലീസ് മേധാവി രേവട ആസാദ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്തു.

പ്രേരണ ബോധവൽക്കരണം സംബന്ധിച്ച ഇ-മാഗസിൻ ചടങ്ങിൽ അദ്ദേഹം പ്രകാശനം ചെയ്തു. എറണാകുളം സിറ്റി പൊലീസ് കമ്മീഷണർ പുട്ട വിമലാദിത്യ അദ്ധ്യക്ഷത വഹിച്ചു. ഐ.എച്ച്.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. പരിമൾ ചാറ്റർജി മുഖ്യപ്രഭാഷണം നടത്തി. അശ്വതി ജിജി ഐപിഎസ്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (കൊച്ചി) വിനോദ് പിള്ള , ഐഎച്ച്എംഎ എറണാകുളം ജില്ല സെക്രട്ടറി ഡോ. ധന്യ ശശിധരൻ തുടങ്ങിയവർ സംസാരിച്ചു. എ.കെ ഐഷ ബോധവത്കരണ ക്ലാസ്സ് നയിച്ചു. പൊലീസ് ഉദ്യോഗസ്ഥരിൽ ഉണ്ടാകുന്ന മാനസികാരോഗ്യ വെല്ലുവിളികൾ നേരിടാനും തൊഴിൽമൂലമായ സമ്മർദ്ദങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യാനുമുള്ള ശാസ്ത്രീയ മാർഗങ്ങൾ പരിചയപ്പെടുത്തുക എന്നതാണ് പ്രേരണയുടെ പ്രധാനലക്ഷ്യം.

സംസ്ഥാനത്തെ വിവിധ ജില്ല പോലീസ് കേന്ദ്രങ്ങളിൽ വരും ദിനങ്ങളിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതാണെന്ന് ഐ.എച്ച്.എം.എ ഭാരവാഹികൾ വ്യക്തമാക്കി.

# ടൈറ്റൻ വാണ്ടറിംഗ് അവേഴ്സ് വാച്ച് പുറത്തിറക്കി

**കൊച്ചി:** ആകാശ അത്ഭുതങ്ങൾ വാച്ച് നിർമ്മാണ വൈഭവവുമായി ഒത്തുചേരുന്ന സ്റ്റെല്ലർ 3.0 വാച്ച് ശേഖരം ടൈറ്റൻ പുറത്തിറക്കി. 9 അസാധാരണ വാച്ചുകളാണ് ഈ ശേഖരത്തിലുള്ളത്. അപൂർവ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച ആകാശ പ്രചോദിതമായ വാണ്ടറിംഗ് അവേഴ്സ് ഉൾപ്പെടെ മൂന്ന് ലിമിറ്റഡ് എഡിഷൻ വാച്ചുകളും സ്റ്റെല്ലർ 3.0 ശേഖരത്തിലുണ്ട്. 500 എണ്ണം മാത്രം ലഭ്യമായ വാണ്ടറിംഗ് അവേഴ്സ് വാച്ചിന് 1,79,995 രൂപയാണ് വില.




സ്റ്റെല്ലർ 1, 2 ശേഖരങ്ങളിലെ വിജയകരമായ വാച്ചായ ഐസ് മീറ്റിറൈറ്റും സ്റ്റെല്ലർ 3.0 ശേഖരത്തിലുണ്ട്. 1,20,000 വർഷം പഴക്കമുള്ള ആധികാരിക മ്യൂണിയോണലസ്റ്റ ഉൽക്കാശിലയിലാണിതിന്റെ നിർമ്മാണം. കോസ്മിക് ഐസ്ബ്ലൂ ഡയലാണ് ഈ വാച്ചുകൾക്ക്. ബഹിരാകാശ ചരിത്രത്തെ സമകാലിക രൂപകൽപ്പനയുമായി ലയിപ്പിക്കുന്ന ഐസ് മീറ്റിറൈറ്റ് വാച്ചിന് 1,39,995 രൂപയാണ് വില. 95,995 രൂപ വിലയുള്ള ഒറോറ സീലം വാച്ച് നോർത്തേൺ ലൈറ്റ്സിനെ അനുസ്മരിപ്പിക്കുന്ന തിളക്കമുള്ള പച്ച ഡയലും ആസ്ട്രൽ ഡിസ്കുകളുമായാണ് ഏത്തുന്നത്.

41 വർഷമായി, ടൈറ്റൻ ഇന്ത്യൻ വാച്ച് നിർമ്മാണത്തെ സർഗ്ഗാത്മകതയിലൂടെയും കരകൗശലത്തിലൂടെയും പുനർനിർവചിച്ചു കൊണ്ടിരിക്കുകയാണെന്ന് ടൈറ്റൻ വാച്ചസ് ആൻഡ് വെയറബിൾസ് സിഇഒ കുരുവിള മാർക്കോസ് പറഞ്ഞു. തിരഞ്ഞെടുത്ത ടൈറ്റൻ സ്റ്റോറുകളിലും ഓൺലൈനായി www.titan.co.in എന്ന വെബ്സൈറ്റിലും സ്റ്റെല്ലർ 3.0 വാച്ചുകൾ ലഭ്യമാണ്.

# ഗോദ്റെജ് സ്റ്റഡി ചലഞ്ച്: ഐഐഎം തിരുച്ചിറപ്പള്ളി വിജയികൾ

**കൊച്ചി:** ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ പദ്ധതിയായ ഗോദ്റെജ് ഡിഇഐ ലാബ് സംഘടിപ്പിച്ച ദേശീയ കെയ്സ് സ്റ്റഡി ചലഞ്ചിൽ ഐഐഎം തിരുച്ചിറപ്പള്ളി വിജയികളായി. ഒരു ലക്ഷം രൂപയുടെ ക്യാഷ് പ്രൈസും ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിലെ നേതൃത്വത്തിൽ നിന്നുള്ള മെന്ററിങ് അവസരങ്ങളുമാണ് വിജയികൾക്കു ലഭിക്കുന്നത്.

മുംബൈയിലെ ഗോദ്റെജ് വണ്ണിൽ നടത്തിയെ ഫൈനലിൽ ഐഐഎം തിരുച്ചിറപ്പള്ളിയെക്കൂടാതെ എസ്ഐബിഎം പൂനെ, ഐഐഎം മുംബൈ, ഐഐഎം ലക്നോ എന്നിവയാണു പങ്കെടുത്ത് നവീന ആശയങ്ങൾ അവതരിപ്പിച്ചത്. ഇന്ത്യൻ കോർപ്പറേറ്റ് രംഗത്ത് വനിതകൾ കുറഞ്ഞ തോതിലാണെന്നത് വെല്ലുവിളിയായി തുടരുകയാണെന്ന് പരിപാടിയെ കുറിച്ചു സംസാരിച്ച ഗോദ്റെജ് ഡിഇഐ ലാബ് മേധാവി പർമേശ് ഷഹാനി പറഞ്ഞു. രാജ്യത്തെ മുൻനിര ബിസിനസ് സ്ക്കൂളുകളാണ് ചർച്ചകളും ആശയങ്ങളും പ്രോൽസാഹിപ്പിക്കാനും ഉദ്ദേശിച്ചു നടത്തിയ ഈ മൽസരത്തിൽ പങ്കെടുത്തത്.






# മലബാർ ഗോൾഡ് ന്യൂസിലൻഡിൽ പുതിയ ഷോറൂം ആരംഭിച്ചു

**കോഴിക്കോട്:** മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ന്യൂസിലാൻഡിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. ഓക്ക്ലാൻഡിലെ ബോട്ടണി ടൗൺ സെൻററിലാണ് കമ്പനിയുടെ ആദ്യ ഷോറൂം ആരംഭിച്ചത്. ഇതോടെ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് 14 രാജ്യങ്ങളിൽ ശക്തമായ സാന്നിധ്യം ഉറപ്പാക്കി. ബ്രാൻഡിന്റെ അന്താരാഷ്ട്ര വിപുലീകരണ പദ്ധതിയിൽ ന്യൂസിലാൻഡിലെ പുതിയ ഷോറൂം ഒരു നാഴികക്കല്ലായി മാറുകയും ചെയ്തു.

പുതിയ ഷോറൂമിന്റെ ഉദ്ഘാടനം ന്യൂസിലാൻഡ് എമർജൻസി മാനേജ്മെൻറ്, പോലീസ്,കായിക,1വിനോദ മന്ത്രി മാർക്ക് മിച്ചൽ നിർവഹിച്ചു. മലബാർ ഗ്രൂപ്പ് വൈസ് ചെയർമാൻ കെ.പി. അബ്ദുൾ സലാം, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇൻറർനാഷണൽ ഓപറേഷൻസ് എംഡി ഷംലാൽ അഹമ്മദ്, സീനിയർ ഡയറക്ടർ സി. മായിൻകുട്ടി, മലബാർ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ എ.കെ. നിഷാദ്, കെ.പി. വീരാൻകുട്ടി, മാനുഫാക്ചറിംഗ് ഹെഡ് എ.കെ. ഫൈസൽ, ഫിനാൻസ് ആൻഡ് അഡ്മിൻ ഡയറക്ടർ സി.എം.സി. അമീർ, മലബാർ ഗ്രൂപ്പ് ചീഫ് ഡിജിറ്റൽ ഓഫീസർ ഷാജി കക്കോടി, മറ്റു സീനിയർ മാനേജ്മെൻറ് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




# ടിസിഎസ് യുകെയിൽ പ്രവർത്തനം വിപുലീകരിക്കും

**മുംബൈ:** ഇന്ത്യയിലെ ഐടി ഭീമന്മാരായ ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) യുകെയിൽ പ്രവർത്തനം വിപുലീകരണം പ്രഖ്യാപിച്ചു. അടുത്ത മൂന്ന് വർഷങ്ങൾക്കുള്ളിൽ പുതിയ 5,000 തൊഴിലവസരങ്ങൾ യുകെയിൽ സൃഷ്ടിക്കും.

ഇതിന്റെ ഭാഗമായി ലണ്ടനിൽ എഐ എക്സ്പീരിയൻസ് സോണും ഡിസൈൻ സ്റ്റുഡിയോയും ആരംഭിക്കുന്നതായും ടിസിഎസ് പ്രഖ്യാപിച്ചിട്ടുണ്ട്. സെപ്റ്റംബറിൽ ന്യൂയോർക്കിൽ ആദ്യ ഡിസൈൻ സ്റ്റുഡിയോ സ്ഥാപിച്ച ശേഷം രണ്ടാമത്തെ സ്റ്റുഡിയോയായാണ് ലണ്ടൻ സ്റ്റുഡിയോ.

യുകെയുമായി ദീർഘകാലത്തെ ബിസിനസ് പങ്കാളിത്തം ഇന്ത്യൻ ഐടി സേവനദാതാക്കളായ ടാറ്റ കൺസൾട്ടൻസി സർവീസസിനുണ്ട്. യുകെയിൽ അന്പത് വർഷത്തിലേറെയായി ടിസിഎസ് പ്രവർത്തിക്കുന്നു.

2024 സാമ്പത്തിക വർഷത്തിൽ 3.3 ബില്യൺ പൗണ്ടാണ് (ഏകദേശം 38,000 കോടി രൂപ) യുകെയുടെ സാന്പത്തിക വ്യവസ്ഥയിലേക്ക് ടിസിഎസ് കൂട്ടിച്ചേർത്തതെന്ന് ഓക്സ്ഫോർഡ് ഇക്കണോമിക്സ് റിപ്പോർട്ട് പറയുന്നു. ഇതേ 2024 സാമ്പത്തിക വർഷത്തിൽ 780 മില്യൺ പൗണ്ട് (ഏകദേശം 9000 കോടി രൂപ) നികുതി ഇനത്തിലും ടിസിഎസ് നൽകി. യുകെയിൽ കഴിഞ്ഞ സാന്പത്തിക വർഷത്തിൽ എൻജിനിയറിംഗ്, ഡാറ്റ അനലിറ്റിക്സ് എന്നിവയിലെ 15300 ജോബ് റോളുകൾ ഉൾപ്പെടെ നേരിട്ടും അല്ലാതെയും 42,700 തൊഴിലവസരങ്ങളുടെ ഭാഗമാവുകയും ചെയ്തു ടിസിഎസ് എന്നും റിപ്പോർട്ടിൽ വിശദീകരിക്കുന്നു.

ആഗോളതലത്തിൽ ടിസിഎസിന്റെ രണ്ടാമത്തെ വലിയ വിപണിയാണ് യുകെ എന്നും പ്രദേശത്തെ നാല് രാജ്യങ്ങളിലും (ഇംഗ്ലണ്ട്, സ്കോട്ലൻഡ്, വെയ്ൽസ്, ഉത്തര അയർലൻഡ്) നിക്ഷേപം തുടരുമെന്നും ടിസിഎസിന്റെ യുകെ, അയർലൻഡ് തലവനായ വിനയ് സിംഘി പ്രതികരിച്ചു.

# റൂമിയോണിൽ ആറ് എയർബാഗുകളുമായി ടൊയോട്ട




**കൊച്ചി:** റൂമിയോണിന്റെ എല്ലാ വകഭേദങ്ങളിലും ആറ് എയർബാഗുകൾ സ്ഥാപിച്ച് സുരക്ഷ ഉറപ്പാക്കി ടൊയോട്ട കിർലോസ്കർ മോട്ടോർ. എല്ലാ വകഭേദങ്ങളും ഇപ്പോൾ ഡ്യുവൽ ഫ്രണ്ട് എയർബാഗുകൾ, രണ്ട് സൈഡ് എയർബാഗുകൾ, രണ്ട് കർട്ടൻ ഷീൽഡ് എയർബാഗുകൾ എന്നിവയിലൂടെ സമഗ്രമായ 360ഡിഗ്രി സുരക്ഷ നൽകുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു. വിവിധ ഡ്രൈവിംഗ് സാഹചര്യങ്ങളിൽ ഡ്രൈവർക്കും യാത്രക്കാർക്കും പരമാവധി സംരക്ഷണം ഉറപ്പാക്കുന്നു ഇത്.

ടൊയോട്ട കിർലോസ്കർ മോട്ടോർ ഇന്ത്യയിൽ റൂമിയോൺ എംപിവി അവതരിപ്പിച്ചിട്ട് ഏകദേശം രണ്ട് വർഷമായി. മാരുതി എർട്ടിഗയുടെ റീബാഡ്ജ് പതിപ്പായ റൂമിയോണിനെ ഇപ്പോൾ ആറ് എയർബാഗുകൾ സ്റ്റാൻഡേർഡായി നൽകി കമ്പനി പരിഷ്കരിച്ചു. ജിഎസ്ടി കുറച്ചതിനെത്തുടർന്ന്, 2025 ടൊയോട്ട റൂമിയോൺ ഇപ്പോൾ 10.44 ലക്ഷം രൂപ മുതൽ 13.62 ലക്ഷം രൂപ വരെ എക്സ്ഷോറൂം വില പരിധിയിൽ ലഭ്യമാണ്. പുതുക്കിയ ശ്രേണിയിൽ എസ്, ജി, വി എന്നിങ്ങനെ മൂന്ന് ഓട്ടോമാറ്റിക് വേരിയന്റുകൾ ഉണ്ട്. യഥാക്രമം 11.89 ലക്ഷം, 12.91 ലക്ഷം, 13.62 ലക്ഷം രൂപ എന്നിങ്ങനെയാണ് വില. പെട്രോൾ മാനുവൽ വേരിയന്റുകൾക്ക് 10.44 ലക്ഷം മുതൽ 12.27 ലക്ഷം രൂപ വരെയും എസ് സിഎൻജി വേരിയന്റിന് 11.35 ലക്ഷം രൂപ വരെയുമാണ് വില.

# നെക്സ്റ്റ്ജെൻ സ്മാർട്ട്സ്പീക്കർ അവതരിപ്പിച്ച് ഫോൺപേ

**കൊച്ചി:** ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2025ൽ ഫോൺപേ തങ്ങളുടെ നെക്സ്റ്റ്ജെൻ സ്മാർട്ട് സ്പീക്കർ ഫോൺപേ സ്മാർട്ട് പോഡ് അവതരിപ്പിച്ചു. വ്യാപാരികളുടെയും ഉപഭോക്താക്കളുടെയും മാറിക്കൊണ്ടിരിക്കുന്ന പേയ്മെന്റ് ആവശ്യകതകൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു ഹൈബ്രിഡ് ഉപകരണമാണിതെന്ന് കമ്പനി അധികൃതർ അറിയിച്ചു.

ഇന്ത്യയിൽ നിർമ്മിച്ച സ്മാർട്ട് പോഡ്, സ്മാർട്ട്സ്പീക്കറിന്റെയും പരമ്പരാഗത പോയിന്റ് ഓഫ് സെയിൽ ഉപകരണങ്ങളുടെയും മികച്ച ഫീച്ചറുകൾ ചെലവ് കുറഞ്ഞ ഒരു ഉപകരണത്തിലേക്ക് സംയോജിപ്പിച്ചുകൊണ്ട് ഫോൺപേ പുറത്തിറക്കുന്ന ആദ്യ ഉൽപ്പന്നമാണിതെന്നും കമ്പനി അധികൃതർ അറിയിച്ചു.

# മികച്ച യുവ സംരംഭത്തിനുള്ള ബർക്ക് ഇനീസിയോ അവാർഡ് എൽ സോളിന്

**ചങ്ങനാശേരി:** എസ്ബി കോളജ് എംബിഎ ഡിപ്പാർട്ട്മെൻറിന്റെ നേതൃത്വത്തിൽ കേരളത്തിലെ മികച്ച നവ സംരംഭകർക്കായുള്ള ബർക്ക് ഇനീസിയോ അവാർഡ് കോളജിൽ നടന്ന ചടങ്ങിൽ എൽ സോൾ പവർ സൊല്യൂഷൻസ് മാനേജിംഗ് ഡയറക്ടർമാരായ ടിൻസു മാത്യു, ലിജോ പി. ജേക്കബ് എന്നിവർ ചേർന്ന് കോളജ് മാനേജർ മോൺ. ആന്റണി ഏത്തയ്ക്കാട്ടിൽനിന്ന് ഏറ്റുവാങ്ങി.

എട്ടു വർഷത്തിലേറെ പരിചയസമ്പത്തുള്ള ഈ സ്ഥാപനം കേരളത്തിലെ ഏറ്റവും വലിയ റസിഡൻഷ്യൽ റൂഫ് ടോപ് സോളാർ ടീമുകളിലൊന്നാണ്. സ്വന്തം ബ്രാൻഡിൽ കേരളത്തിൽ ഏറ്റവും കൂടുതൽ റൂഫ് ടോപ് സോളാർ പ്ലാൻറുകൾ സ്ഥാപിച്ച റിക്കാർഡും ഇവർക്കുണ്ട്. കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന എൽ സോൾ പവർ സൊല്യൂഷൻസ് കേരളത്തിലെ എല്ലാ ജില്ലകളിലും സേവനം നൽകുന്നു.

ഇപ്പോൾ ദീപാവലിയോട് അനുബന്ധിച്ച് നടത്തപ്പെടുന്ന ദീപാവലി പവർ സേവർ ധമാക്ക ഓഫറിലൂടെ ബുക്ക് ചെയ്യുന്നവർക്ക് സ്പെഷൽ ഡിസ്കൗണ്ട് റേറ്റും റഫർ ആൻഡ് ഏർണിലൂടെ കസ്റ്റമേഴ്സിനെ റഫർ ചെയ്യുന്നവർക്ക് 10000 രൂപ മുതൽ ഗ്യാരൻറി കാഷ് പ്രൈസും ലഭ്യമാണ്.

കൂടാതെ കേന്ദ്ര ഗവൺമെൻറിന്റെ 78,000 രൂപ സബ്സിഡിയും കുറഞ്ഞ പലിശ നിരക്കിൽ കൊളാറ്ററൽ ഫ്രീ ലോൺ സൗകര്യങ്ങളും ഉറപ്പാക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കായി 7902222878, 7902222860 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# ഇന്ത്യൻ സാമ്പത്തിക രംഗത്തിന്റെ വികസനത്തിൽ മാരിടൈം പങ്ക് നിർണ്ണായകം: ശ്യാം ജഗന്നാഥ്

**കൊച്ചി:** ലോകത്തിലെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറുന്നതിനോടൊപ്പം യുവജനസംഖ്യയുള്ള ജനാധിപത്യ രാജ്യം കൂടിയാകുമെന്ന് ഷിപ്പിംഗ് ഡയറക്ടർ ഓഫ് ജനറൽ ശ്യാം ജഗന്നാഥ് പറഞ്ഞു. നെട്ടൂരിൽ ആരംഭിച്ച എസ്.എച്ച്.എം അക്കാദമി മാരിടൈം സേഫ്റ്റി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിരവധി ഭൗമ രാഷ്ട്രീയ മാറ്റങ്ങളാണ് ലോകത്ത് കണ്ടുകൊണ്ടിരിക്കുന്നത്. ഇറാനും ഇസ്രായേലും തമ്മിലും റഷ്യയും യുക്രെയ്നും തമ്മിലുമൊക്കെ യുദ്ധം നടക്കുന്ന ലോകത്ത് ഇന്ത്യ വളരെ ശാന്തമായാണ് മുമ്പോട്ടേക്ക് പോകുന്നത്. ഇന്ത്യൻ സാമ്പത്തിക രംഗം വളരെ വേഗത്തിലാണ് വളരുന്നത്. ഇന്ത്യൻ സാമ്പത്തിക രംഗത്തിന്റെ വികാസത്തിൽ മാരിടൈം ചെലുത്തുന്ന സ്വാധീനം ചെറുതല്ലെന്നും അദ്ദേഹം പറഞ്ഞു. വ്യവസായ രംഗത്തെ കയറ്റിറക്കുമതിക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സമുദ്ര സംബന്ധിയായ പ്രവർത്തനങ്ങളെയാണെന്നും അദ്ദേഹം പറഞ്ഞു. കടലുമായി പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന് സുരക്ഷിതത്വമാണെന്നും ഇത്തരം സ്ഥാപനങ്ങൾ അത്തരം സുരക്ഷിതത്വമാണ് ഉറപ്പു വരുത്തുന്നതെന്നും ശ്യാം ജഗന്നാഥ് പറഞ്ഞു. കൊച്ചിക്കു പുറമേ ഉഡുപ്പി, ബോംബെ, കൽക്കത്ത, പോർട്ട്ബ്ലെയർ എന്നിവിങ്ങളിലും എസ്.എച്ച്.എം കൊച്ചിൻ ഷിപ്യാർഡുമായി യോജിച്ചു പ്രവർത്തിക്കുന്നുണ്ട്. എസ്.എച്ച്.എം അക്കാദമിയുടെ പഠനത്തിൽ തിയറിക്കു പുറമേ പ്രാക്ടിക്കൽ കൂടി ചേർത്താണ് ക്ലാസുകൾ നൽകുന്നതെന്ന് സി.ജി.എം എ ശിവകുമാർ പറഞ്ഞു. എസ് .എച്ച് .എം ഗ്രൂപ്പ് എം. ഡി കൃഷ്ണ വൈകുണ്ഠം, ചെയർമാൻ സൈഫുദ്ദീൻ ഹാജി, ട്രെയിനർ ഹെഡ് പി. പ്രസാദ്, കൊച്ചിൻ ഷിപ്യാർഡ് സി.ജി.എം എ. ശിവകുമാർ എന്നിവർ പ്രസംഗിച്ചു.



# കെഎസ്എഫ്ഇ 81.39 കോടി രൂപ ഗാരന്റി കമ്മീഷനായി സർക്കാരിനു കൈമാറി

**തിരുവനന്തപുരം:** കേരളത്തിന്റെ സ്വന്തം ധനകാര്യ സ്ഥാപനമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെഎസ്എഫ്ഇ) നടപ്പു സാമ്പത്തിക വർഷത്തെ ഗാരന്റി കമ്മീഷന്റെ രണ്ടാം ഗഡു സർക്കാരിനു കൈമാറി. 81.39 കോടി രൂപ ആണ് കെഎസ്എഫ്ഇ സർക്കാരിന് കൈമാറിയത്.

ധനമന്ത്രി കെ.എൻ. ബാലഗോപാലിന് കെഎസ്എഫ്ഇ ചെയർമാൻ കെ. വരദരാജനും മാനേജിംഗ് ഡയറക്ടർ ഡോ. എസ്.കെ. സനിലും ചേർന്നു ചെക്ക് കൈമാറി.

ചടങ്ങിൽ കെഎസ്എഫ്ഇ ഫിനാൻസ് ജനറൽ മാനേജർ എസ്. ശരത്ചന്ദ്രൻ, കമ്പനി സെക്രട്ടറി എമിൽ അലക്സ്, ലെയ്സൺ ഓഫീസർ ജി. ഗോപകുമാർ, കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. മുരളി കൃഷ്ണപിള്ള, കെഎസ്എഫ്ഇ ഓഫീസേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി എസ്. അരുൺ ബോസ്, കെഎസ്എഫ്ഇ എംപ്ലോയിസ് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. വിനോദ്, കെഎസ്എഫ്ഇ ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. സുശീലൻ തുടങ്ങിയവർ പങ്കെടുത്തു.

